# Deepika

## 23 August 2018

## Kochi: After flood

### അവശ്യസാധനങ്ങളുടെ വരവ് കുറഞ്ഞു

# വ്യാപാരമേഖല പ്രതിസന്ധിയിലേക്ക്

കൊച്ചി: ജില്ലയിൽ പച്ചക്കറിയുടേയും അവശ്യവസ്തുക്കളുടേയും വരവ് സാധാരണനിലയിലാകാൻ ആഴ്ചകളെടുക്കുമെന്ന് വ്യാപാരികൾ. പ്രളയക്കെടുതിയെതുടർന്ന് സംസ്ഥാനത്തേക്കെത്തുന്ന പച്ചക്കറി ഉൾപ്പെടെയുള്ള സാധനങ്ങളുടെ വരവിൽ ഗണ്യമായ കുറവ് വന്നതോടെ എറണാകുളം മാർക്കറ്റ് അടക്കം ജില്ലയിലെ പ്രധാനപ്പെട്ട ചന്തകളിലും വ്യാപാരസ്ഥാപനങ്ങളിലും പച്ചക്കറി, പലചരക്ക് സാധനങ്ങൾ എന്നിവ തീർന്ന അവസ്ഥയിലാണ്.



ചന്ത ദിവസമായിരുന്നിട്ടും ഇന്നലെ വിജനമായ പറവൂർ മാർക്കറ്റ്.

വെള്ളപ്പൊക്കത്തെത്തുടർന്ന് ഗതാഗതം തടസപ്പെട്ടതോടെയാണ് തമിഴ്നാട്ടിൽനിന്നടക്കമുള്ള പച്ചക്കറി, പലചരക്ക് സാധനങ്ങൾ എറണാകുളത്തെ മാർക്കറ്റുകളിൽ എത്താതായത്. നിലവിൽ ഓണത്തിനുമുമ്പ് കടകളിലെത്തിച്ച സാധനങ്ങളാണ് ഇപ്പോൾ വിൽപ്പന നടക്കുന്നതിൽ അധികവും. അതിനിടെ തകർന്ന റോഡുകൾ പലതും സഞ്ചാരയോഗ്യമാക്കിയെങ്കിലും സംസ്ഥാന ഓണവിപണികൾ പലതും നിർജീവമായതും ലോഡുകൾ എത്താത്തതിന് കാരണമായതായി വ്യാപാരികൾ ചൂണ്ടിക്കാട്ടുന്നു. ദിവസേന 20നും 25നും ഇടയിൽ പച്ചക്കറി ലോഡ് വന്നിരുന്ന എറണാകുളം മാർക്കറ്റിൽ ഇപ്പോൾ അഞ്ചിൽ താഴെമാത്രം ലോഡുകളാണ് എത്തുന്നത്. വന്ന് മണിക്കൂറുകൾക്കകം ഇത് തീരുകയും ചെയ്യും. ദുരിതാശ്വാസ ക്യാമ്പുകളിലേക്കാണ് ഭൂരിഭാഗം പച്ചക്കറികളും പോകുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ ഒരു ദിവസം ഏകദേശം 70 ശതമാനം വിൽപ്പന കുറഞ്ഞതായി കച്ചവടക്കാർ പറഞ്ഞു.

പലചരക്ക് വ്യാപാര കേന്ദ്രങ്ങളിൽ വൻപയർ, ചെറുപയർ, മട്ട അരി, ആട്ട, മൈദ എന്നിവയും കിട്ടാനില്ലാത്ത അവസ്ഥയാണ്. അരി ലോഡ് സാധാരണയായി എത്തുന്നതിൽനിന്നു പകുതിയിൽ താഴെയായി കുറഞ്ഞിരിക്കുകയാണ്. ഓണവിപണിയേയും ദുരിതാശ്വാസ ക്യാമ്പുകളേയും കാര്യമായി ബാധിക്കുമെന്ന് വ്യാപാരികൾ പറഞ്ഞു. അവശ്യസാധനങ്ങളുടെ ലഭ്യതക്കുറവ് മൂലം ഹോട്ടൽ മേഖലയും കടുത്ത പ്രതിസന്ധിയിലാണ്. പച്ചക്കറികളും മറ്റും ലഭിക്കാത്തത് വരുംദിവസങ്ങളിൽ പ്രവർത്തനത്തെ ബാധിക്കുമെന്ന് ഹോട്ടലുടമകൾ പറഞ്ഞു.